പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2847 **29-10-2026-ൽ മറുപടിയ്ക്ക്**

അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മാണി. സി. കാപ്പൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പാലാ മണ്ഡലത്തിലെ മേവട പെരുമരം ജംഗ്ഷൻ മുതൽ മെഡിസിറ്റി വരെയുള്ള ഭാഗത്തും തുടങ്ങനാട് കോളനിപടിയിലും കോളനികൾക്കും പൊതുജനങ്ങൾക്കും ഭീഷണിയായി അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ സംബന്ധിച്ച വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: പാലാ നിരത്ത് സെക്ഷന്റെ അധികാര പരിധിയിൽ ഉൾപ്പെട്ട് വരുന്ന പാലാ നിയോജക മണ്ഡലത്തിലെ മേവട-പെരുമരം ജംഗ്ഷൻ മുതൽ മെഡിസിറ്റി വരെയുള്ള ഭാഗത്തും കൂടാതെ തുടങ്ങനാട് കോളനിപ്പടിയിലും വഴിയാത്രക്കാർക്കും പൊതുജനങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന വിവിധ മരങ്ങളുമായി ബന്ധപ്പെട്ട് പാലാ നിരത്ത് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ പരാതിയിൻമേൽ നേരിട്ട് സൈറ്റ് പരിശോധന നടത്തിയിരുന്നു. ആയതിൻ പ്രകാരം അപകടകരമായി നിൽക്കുന്ന പ്രസ്തുത മരങ്ങൾ എത്രയും വേഗം മുറിച്ച് നീക്കം ചെയ്യുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് കൺവീനർ/സെക്രട്ടറി/ജില്ല പഞ്ചായത്ത്, ടീ കമ്മറ്റി കോട്ടയത്തിന് 26.09.2026 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ലേല നടപടികൾ ക്രമീകരിച്ച് മരങ്ങൾ മുറിച്ച് മാറ്റി അപകടരഹിതമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ